ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ നിശ്ചയിക്കാൻ ഗ്രാമസഭകൾക്ക് അധികാരം

17 (*665) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പദ്ധതിയുടെ പ്രാരംഭത്തിൽ സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തുകയുണ്ടായോ ;

(ബി) എങ്കിൽ ആരാണ് ഈ സർവ്വേ നടത്തിയത് ;

(സി) അതിനു സ്വീകരിച്ച മാനദണ്ഡം എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ അംഗീകരിക്കുന്നതിനുള്ള അധികാരം കേന്ദ്രഗവൺമെന്റ് ഗ്രാമസഭയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ ;

(ഇ) ഇപ്രകാരം ഗ്രാമസഭകൾ അംഗീകരിക്കുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ലിസ്റ്റ് പ്രമുഖ സ്ഥാനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതുണ്ടോ ;

(എഫ്) ഗ്രാമസഭകൾ അംഗീകരിക്കുന്ന ലിസ്റ്റിൽ നിന്നും ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ നീക്കം ചെയ്യാനും ഗ്രാമസഭയ്ക്ക് അധികാരം നൽകിയിട്ടുണ്ടോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) പത്താം പദ്ധിയ്ക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് ഇപ്പോൾ നടന്നു വരികയാണ്.

(ബി) ഗ്രാമ വികസന വകുപ്പിന്റെ നിയന്ത്രണത്തിലാണ് ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നത്. ഇതിനുള്ള എന്യൂമറേഷൻ ജോലികളുടെ ചുമതല വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ സെൻസസ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ആവശ്യമെങ്കിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ഓരോ സ്ഥലത്തേയും ലഭ്യതയും പ്രായോഗികതയും കണക്കിലെടുത്ത് പ്രേരക്മാർ, എസ്.സി.പി. പ്രൊമോട്ടർമാർ, എസ്.ടി. പ്രൊമോട്ടർമാർ, നെഹ്റു യുവക് കേന്ദ്രം, വോളണ്ടിയർമാർ, അംഗൻവാടി ടീച്ചർമാർ, ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനാ പ്രവർത്തകർ, കോളേജുകളിലെ നാഷണൽ സ്കീം വോളണ്ടിയർമാർ തുടങ്ങിയവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(സി) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖ സെൻസസ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫോറത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ഭാഗം (എ) കുടുംബത്തെ 'സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനായി ജീവിത നിലവാരത്തെ സൂചിപ്പിയ്ക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഓരോ സൂചകത്തിന്മേലും 0, 1, 2, 3, 4 എന്നിങ്ങനെ അഞ്ച് സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതി അനുസരിച്ച് ഓരോ സൂചകത്തിന്മേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖ സെൻസസിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ടയാളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കുപോക്ക് അനുസരിച്ചുള്ള കണക്കോ ഏതാണോ കൂടുതൽ അതിൽ കൂടുതൽ ആകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്തുവേണം സംസ്ഥാനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്ന് സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിക്കുന്ന സ്കോർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾ നിശ്ചയിക്കുന്ന കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യ കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കേണ്ടതാണ്.

(ഇ) ഉണ്ട്.

(എഫ്) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ ഏതെങ്കിലും കുടുംബം സ്ഥായിയായി കടക്കുകയാണെങ്കിൽ അത് പരിശോധിച്ച് ഇത്തരം കുടുംബങ്ങളെ ദാരിദ്ര്യരേഖാ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അധികാരം ഗ്രാമസഭയ്ക്കുണ്ട്.

പെൺ ഭ്രൂണഹത്യ

18 (*666) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗർഭസ്ഥ ശിശുക്കളുടെ ലിംഗ നിർണ്ണയ പരിശോധനയും തുടർന്നുള്ള വിവേചനപരമായ ഗർഭച്ഛിദ്രവും നിയമവിധേയമാണോ ;

(ബി) ഇത്തരം പരിശോധനയും പെൺ ഭ്രൂണഹത്യയും കേരളത്തിൽ നിലവിൽ നിരോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly